# 1

# സമർപ്പിത വൈധവ്യം

വൈധവ്യം ക്രിസ്തുവിന് തന്നെത്തന്നെ പുനരർപ്പണം ചെയ്യാനുള്ള വലിയൊരു വേദിയാണ്. ഇതിനെ സവിശേഷമായ ഒരു ദൈവവിളിയായി പരിഗണിക്കാം. വിവാഹമെന്ന കൂദാശയിലൂടെ നാം ക്രിസ്തുവിന് നേരത്തെതന്നെ നമ്മെ സമർപ്പിച്ചിരുന്നു. ജീവിതപങ്കാളിയുടെ വേർപാട് വഴി ഈ സമർപ്പണത്തിന് വ്യതിയാനം സംഭവിക്കുന്നു. ഭാര്യാഭർതൃ സ്നേഹത്തിലൂടെ ക്രിസ്തുവിന്റെ സ്നേഹം ഈ ഭൂമിയിൽ അവതരിപ്പിക്കുവാൻ ഇനി നമുക്കാവില്ല. എങ്കിലും വിവാഹമെന്ന കൂദാശ വഴി നമുക്ക് ലഭിച്ച പ്രത്യേക കൃപയുടെ ഫലങ്ങൾ നമ്മിലുണ്ട്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് നമ്മുടെ മക്കൾ. സ്നേഹത്തിന്റെ ഫലമായി നാം സ്വീകരിച്ച മക്കളിലൂടെ നമ്മുടെ ക്രിസ്തീയ സമർപ്പണം ഒരു പുതിയ പാത സ്വീകരിക്കുകയാണ്. മക്കളുമായുള്ള ദൃഢതരമായ ബന്ധത്തിലൂടെ ക്രിസ്തുവിന്റെ സ്നേഹം ഈ ഭൂമിയിൽ നമുക്ക് അവതരിപ്പിക്കാനാകും.

ക്രിസ്തുവിൽ നാം നടത്തുന്ന പുനരർപ്പണം ദൈവരാജ്യം സ്ഥാപിക്കുവാൻ വേണ്ടിയാണ്. വിശുദ്ധീകരിക്കുക, പ്രഘോഷിക്കുക, നയിക്കുക എന്നീ ദൗത്യങ്ങളുടെ പൂർത്തീകരണം വഴിയാണ് ഇത് സാധിക്കുന്നത്. സമർപ്പിത വിധവയെന്ന നിലയിൽ വ്യക്തി ജീവിതത്തിലൂടെയും കുടുംബജീവിതത്തിലൂടെയും ഈ ലോകത്തെ വിശുദ്ധീകരിക്കുവാൻ നമുക്ക് സാധിക്കും. വ്യക്തി ജീവിതത്തിൽ നാം പാലിക്കുന്ന വിശുദ്ധി മറ്റുള്ളവർക്ക് വിശുദ്ധിയിൽ വളരാനുള്ള പ്രചോദനമാകും. കൂടാതെ 'ഗാർഹിക സഭ'യായ കുടുംബത്തിന് നേതൃത്വം കൊടുക്കുന്ന വ്യക്തിയെന്ന നിലയിൽ മക്കൾക്ക് നാം നല്കുന്ന ആത്മീയവും വൈകാരികവുമായ അടുപ്പം മക്കളെ വിശുദ്ധിയിൽ വളരാൻ സഹായിക്കും (cf.ccc, 1655). നമ്മുടെ മക്കളുടെ വിശുദ്ധമായ ജീവിതം അവരുടെ കൂട്ടുകാർക്കും സഹപ്രവർത്തകർക്കും വിശുദ്ധിയുടെ പാതകൾ തീർക്കും. ആയ

തിനാൽ മക്കളെ സമഗ്രമായി നാം വളർത്തണം. സ്രഷ്ടാവായ ദൈവമാണ് നമ്മുടെ ഭർത്താവ് എന്ന ബോധ്യം നമ്മുടെ പെരുമാറ്റം വഴി മക്കൾക്ക് കൈമാറണം. അതുവഴി അവർ ദൈവീക ചൈതന്യത്തിൽ വളരുവാൻ പ്രാപ്തരാകും. ധാർമ്മികവും, ആധ്യാത്മികവും, അതിസ്വഭാവികവുമായ ജീവന്റെ ഫലങ്ങൾ അവർക്ക് ലഭിക്കും. മക്കബായരുടെ പുസ്തകത്തിൽ പരാമർശിക്കപ്പെടുന്ന വിധവ തന്റെ ഏഴ് മക്കളെ വിശ്വാസത്തിൽ നിലനിർത്തുവാൻ നല്കുന്ന പ്രേരണ ഇവിടെ പ്രസ്താവ്യമാണ് ( 2 മക്കാ. 7).

രണ്ടാമതായി, സമർപ്പിത വിധവയെന്ന നിലയിൽ യേശുവിന്റെ സുവിശേഷം പ്രഘോഷിക്കുവാൻ നമുക്ക് സാധിക്കും. അപ്പസ്തോലിക കാലത്ത് തന്നെ ധാരാളം വിധവകൾ സുവിശേഷപ്രഘോഷണത്തിൽ പങ്കുചേർന്നിരുന്നുവെന്ന് നമുക്ക് അറിയാമല്ലോ. നമ്മുടെ സമയവും കഴിവുകളും സുവിശേഷത്തിന്റെ പ്രഘോഷണത്തിന് ഉപയോഗിക്കുന്നതോടൊപ്പം നാം നമ്മുടെ മക്കൾക്ക് ഒരു സുവിശേഷമാകണം. നമ്മിലൂടെ മക്കൾ സുവിശേഷമൂല്യങ്ങളിൽ അടിയുറയ്ക്കുവാൻ ശ്രദ്ധിക്കണം. നാം സുവിശേഷത്തിന്റെ പ്രധാനവും പ്രഥമവുമായ അദ്ധ്യാപികയാണെന്ന വസ്തുത വിസ്മരിക്കരുത്. കൂടാതെ മക്കൾ നമ്മുടെ ആത്മദാനത്തിന്റെ അടയാളമാകയാൽ നാം പ്രത്യേകമാം വിധത്തിൽ ക്രിസ്തീയ സ്നേഹത്തിന്റെ അവതാരകരാണ്. ജീവന്റെ രഹസ്യവുമായി നാം പുലർത്തുന്ന കൂട്ടായ്മ ഈ അവതാരത്തിന്റെ മാറ്റ് വർദ്ധിപ്പിക്കുന്നു.

മൂന്നാമതായി, സമർപ്പിതവിധവ ഈ ലോകത്തെ നന്മയിലേയ്ക്കും സമാധാനത്തിലേയ്ക്കും നയിക്കാൻ ശേഷിയുള്ളവളാണ്. സഭയോടുചേർന്നുനിന്ന് സംഘടനകളേയും മുന്നേറ്റങ്ങളേയും നയിക്കുവാൻ നമുക്ക് സാധിക്കും. സാധിക്കുന്ന ഇടങ്ങളിലെല്ലാം നേതൃത്വം നൽകാനുള്ള അവസരം നന്നായി ഉപയോഗിക്കണം. ചില പ്രത്യേക ഉത്തരവാദിത്വങ്ങളും ശുശ്രൂഷകളും ഏറ്റെടുക്കുന്നതു വഴി നാം ദൈവരാജ്യത്തിലേയ്ക്ക് മനുഷ്യരെ നയിക്കുന്നവരാകും. ഫ്രാൻസിസ് പാപ്പായുടെ ഭാഷയിൽ ഒരർത്ഥത്തിൽ വിധവ സഭയുടെ തന്നെ പ്രതിരൂപമാണ്. (icon) സഭ തന്റെ ജനത്തെ തന്റെ പങ്കാളിയിലേയ്ക്ക് (ക്രിസ്തുവിലേയ്

ക്ക്) നയിക്കുന്നതുപോലെ നാം മറ്റുള്ളവരെ ദൈവത്തിലേയ്ക്ക് നയിക്കാൻ വിളിക്കപ്പെട്ടവരാണ്. ചുരുക്കത്തിൽ സ്വർഗ്ഗരാജ്യത്തെ പ്രതിനാം അനുഷ്ഠിക്കുന്ന സമർപ്പണം സ്നേഹത്തിന്റെ അടയാളവും ലോകത്തിലെ ആദ്ധ്യാത്മികസമൃദ്ധിയുടെ ഉറവിടവുമെന്ന നിലയിൽഏറെ പ്രാധാന്യമർഹിക്കുന്നു. പങ്കാളി നഷ്ടപ്പെട്ട നാം കേവലം വിധവകളല്ല സമർപ്പിത വിധവകളാണ്. ഇത്തരത്തിൽ ജീവിക്കുന്നവർ ഒരു തീർത്ഥാടന പാതയിലാണ്. സുവിശേഷോപദേശങ്ങളാണ് ഈ പാതയിലെ വഴികാട്ടി. ഇവരുടെ സമർപ്പണം വഴി കുടുംബവും സഭയും ധന്യമാകുന്നു.

**പ്രവൃത്തി**

**ഞാനൊരു സമർപ്പിത വിധവയാണെന്ന് സ്വയം വിശേഷിപ്പിക്കാം**